# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T1621 | | 05.02.2019-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| സാമൂഹ്യസുരക്ഷാ പെൻഷൻ | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.അബ്ദുൽ ഹമീദ് പി. | | എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി | |
| (എ) | സാമൂഹ്യ സുരക്ഷാ പെൻഷൻ വാർഷിക കുടുംബ വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയുള്ളവർക്ക് മാത്രമായി നിജപ്പെടുത്തിയിട്ടുണ്ടോ; | (എ) യും (ബി) യും | സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ താഴെ ആയിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അതിൻ പ്രകാരം അപേക്ഷകന്റെ ആകെ കുടുംബ വാർഷിക വരുമാനമാണ് വില്ലേജ് ഓഫീസർ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തുന്നത്. |
| (ബി) | ഇതിനായി വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റിൽ അപേക്ഷകന്റെ ആകെ വാർഷിക വരുമാനം രേഖപ്പെടുത്തുന്നതിന് പകരം അപേക്ഷകന്റെ കുടുംബത്തിന്റെ ആകെ വാർഷിക വരുമാനം രേഖപ്പെടുത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; | | |
| (സി) | കൂടുതൽ അംഗങ്ങളുള്ള കുടുംബങ്ങളിൽ മൊത്തം വരുമാനം കണക്കാക്കി വാർഷിക വരുമാനം നിശ്ചയിക്കുന്നത് നിമിത്തം ദരിദ്രകുടുംബങ്ങളിലുള്ള വൃദ്ധർക്ക് വാർദ്ധക്യകാല പെൻഷന് അർഹതയില്ലാതാകുന്നതായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ഇത് പരിഹരിക്കുന്നതിന് സാമൂഹ്യക്ഷേമ പെൻഷന് അപേക്ഷകന്റെ മാത്രം വരുമാനം കണക്കാക്കി വരുമാന സർട്ടിഫിക്കറ്റ് നൽകാൻ നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ? | (ഡി) | പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ